പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) : സർ,

(എ) റോഡ് വികസനത്തിന് സർക്കാർ രൂപം നൽകിയ റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡ് (റിക്) പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്

(ബി) നീഹാബിലിറ്റേഷൻ, അപ്ഗ്രഡേഷൻ എന്നീ രണ്ട് പാക്കേജുകളിലായി ഏകദേശം 4148 കോടി രൂപ ചെലവിൽ 1100-ഓളം കി.മീ. റോഡുകളുടെ വികസനമാണ് ഈ കമ്പനി മുഖേന വിഭാവനം ചെയ്തിരിക്കുന്നത്.

(സി&ഡി) ടെണ്ടർ നടത്തിയ നീഹാബിലിറ്റേഷൻ പാക്കേജുകൾക്ക് കരാറുകാർ ക്വോട്ട് ചെയ്ത ആന്വറ്റി ഇക വളരെ കൂടുതലായതിനാൽ പാക്കേജുകൾ ചെറുതാക്കി നീ-ടെണ്ടർ ചെയ്യുവാൻ ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ടതനുസരിച്ച് രണ്ട് ഫെയ്സുകളിലായി നീഹാബിലിറ്റേഷൻ പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. അപ്ഗ്രഡേഷൻ പാക്കേജിലുള്ള റോഡുകളുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ അന്തിമഘട്ടത്തിലാണ്. ഈ പദ്ധതികൾ എല്ലാം റിക്ക് (റോഡ് ഇൻഫ്രാസട്രക്ചർ കമ്പനി) മുഖേന ഘട്ടം ഘട്ടമായി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

പാചകവാതക സിലിണ്ടറുകളുടെ സുരക്ഷ

6 (*246) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. കെ. എം. ഷാജി :
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിതരണം നടത്തുന്ന പാചകവാതക സിലിണ്ടറുകളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങളെന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) സിലിണ്ടറുകളുടെ പഴക്കമോ, പ്രവർത്തനക്ഷമതയോ പരിശോധിക്കാതെ ഫില്ലിംഗ് നടത്തി വിതരണം നടത്തുന്നതുമൂലം അടിക്കടി അപകടങ്ങൾ ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(സി) ഇതു ഒഴിവാക്കാനും, അടിയന്തര ഘട്ടങ്ങളിൽ സുരക്ഷാ മാർഗ്ഗം വേഗത്തിൽ സ്വീകരിക്കാൻ തക്കവിധമുള്ള പരിശീലനവും ബോധവത്ക്കരണവും, ഓരോ ഉപഭോക്താവിനും നൽകാനും വേണ്ട നടപടികൾ ഏജൻസികൾ മുഖേന നടപ്പാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ.അനൂപ് ജേക്കബ്) : സർ,

(എ) പാചകവാതക സിലിണ്ടറുകൾ ബോട്ടിലിംഗ് പ്ലാന്റുകളിൽ നിന്ന് അയയ്ക്കുന്നതിനുമുൻപ് പരിശോധന നടത്താറുണ്ട്. ഇപ്രകാരം വിതരണ ഏജൻസികളിൽ എത്തുന്ന സിലിണ്ടറുകളിൽ കുറഞ്ഞത് 10% സിലിണ്ടറുകൾ പരിശോധനയ്ക്ക് വിധേയമാക്കപ്പെടുന്നു. അതിനുശേഷം വിതരണത്തിനായി അയയ്ക്കുന്ന ഓരോ സിലിണ്ടറും എജൻസിയിൽ വച്ച് പരിശോധന നടത്തുന്നു. ഉപഭോക്താക്കളുടെ വീട്ടിലെത്തിക്കുന്ന സിലിണ്ടറുകളുടെ ഭാരവും ചോർച്ചയും പരിശോധന നടത്തിയാണ് വിതരണം ചെയ്യുന്നത്. ഇവയാണ് പാചകവാതക സിലിണ്ടറുകളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങളെന്ന് എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) ബോട്ടിലിംഗ് പ്ലാന്റുകളിൽ വച്ച് സിലിണ്ടറുകൾ പ്രഷർ ടെസ്റ്റിനു വിധേയമാക്കുകയും കൂടുതൽ പരിശോധന ആവശ്യമായ സിലിണ്ടറുകൾ വേർതിരിക്കപ്പെടുകയും ചെയ്യുന്നു. ഇതുകൂടാതെ ഉപഭോക്താക്കൾക്കായി വിതരണ ഏജൻസികൾ സേഫ്റ്റി ക്ലിനിക്കുകൾ സംഘടിപ്പിക്കാറുണ്ട് എന്നും പാചകവാതകം കൈകാര്യം ചെയ്യുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതലുകൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാറുണ്ടെന്നും എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്.

ഇ-ടെണ്ടറിംഗ് സംവിധാനം

7 (*247) ശ്രീ. കെ. മുരളീധരൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിൽ ഇ-ടെണ്ടറിംഗ് സംവിധാനം നടപ്പാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത സംവിധാനംവഴി നേടാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly